(ബി) പ്രസ്തുത സ്ഥലം വിട്ടുകിട്ടണമെന്ന് സർവ്വകലാശാലയോട് ടൂറിസം വകുപ്പോ, വ്യവസായവകുപ്പോ ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) കൊച്ചിയിൽ നടന്ന ആഗോള സമ്മേളനത്തിൽ നിർദ്ദിഷ്ട ഡയറി സയൻസ് കോളേജിന്റെ സ്ഥലം ടൂറിസം പ്രോജക്ടിനായി നിർദ്ദേശിച്ചത് കാർഷിക സർവ്വകലാശാലയുടെ അനുമതി വാങ്ങിയിട്ടാണോ എന്ന് വ്യക്തമാക്കാമോ;

(ഡി) മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന ഡയറി സയൻസ് കോളേജ് കോലാഹലമേട്ടിലെ പുതിയ കോളേജിലേക്ക് മാറ്റി സ്ഥാപിക്കുന്നതിന് ഇതു വരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ഇ) ഡയറി സയൻസ് കോളേജ് ആരംഭിക്കുന്നതിന് സർവ്വകലാശാല യുടെ സബ് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിൽ യൂണിവേഴ്സിറ്റി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(എഫ്) ഡയറി സയൻസ് കോളേജിന്റെ കോലാഹലമേട്ടിലെ പ്രോജക്ടി നായി ഇതുവരെ ചെലവഴിച്ചിട്ടുള്ള തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

(സി) അനുമതി വാങ്ങിയിട്ടില്ല.

(ഡി, ഇ) ഡയറി സയൻസ് കോളേജ് സ്ഥാപിക്കുന്നതിനുവേണ്ടി സ്ഥലം തെര ഞ്ഞെടുക്കുന്നതിന് നിയോഗിച്ച സർവ്വകലാശാല ഭരണസമിതിയുടെ സബ് കമ്മിറ്റി സമർപ്പിച്ച ശുപാർശപ്രകാരം കെ. എൽ. ഡി. ബോർഡിന്റെ കീഴിൽ കോലാഹലമേട് ബേസ് ഫാമിലുള്ള 84 ഹെക്ടർ സ്ഥലം സർക്കാർ സർവ്വകലാശാലക്ക് കൈമാറ്റം ചെയ്തു. നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയെങ്കിലും പിന്നീട് അവിടെ കൂടുതൽ മുതൽമുടക്കേണ്ടതില്ല എന്ന് തീരുമാനിച്ചു.

(എഫ്) 4.06 കോടി രൂപ.

മിൽമയുടെ പാലിന്റെ ഗുണനിലവാരം നിലനിർത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ

62 [5516] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലിന്റെ ഗുണമേന്മ പരിശോധിക്കാനുള്ള സംവിധാനം എന്താണ് എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മിൽമയുടെ പാലിന്റെ ഗുണനിലവാരം നിലനിർത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(സി) മിൽമയുടെ വിതരണത്തിൽ മുഖ്യപങ്ക് വഹിക്കുന്ന ഏജന്റുമാരുടെ സേവന-വേതന വ്യവസ്ഥകൾ എന്തെല്ലാമാണ്; ഇത് പുതുക്കി നിശ്ചയിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ഡി) മിൽമ ഏജന്റുമാരുടെ കമ്മീഷൻ വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനു നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മിൽമ സംഘങ്ങളിലൂടെ സംഭരിക്കുന്ന പാലിലെ കൊഴുപ്പിന്റെ അളവ് മിൽക്കോ ടെസ്റ്റർ മെഷീനുകളും, രാസപരിശോധനയ്ക്കായി സെൻട്രിഫ്യൂജ് സംവിധാനവും, കൊഴുപ്പിതര ഖരപദാർത്ഥങ്ങൾ കണക്കാക്കുവാൻ ലാക്ടോമീറ്ററും ഉപയോഗിച്ചുള്ള പരിശോധന നടത്തുന്നു.

(ബി) ക്ഷീര സഹകരണ സംഘങ്ങളിൽ പാൽ സംഭരിക്കുമ്പോൾതന്നെ തീവ്രമായ പരിശോധന നടത്തിയതിനു ശേഷമാണ് പാൽ സംഭരിക്കുന്നത്. ഡയറി പ്ലാന്റുകളിലെത്തുന്ന പാൽ മായം ചേർക്കൽ നിരോധന നിയമം അനുശാസിക്കുന്ന ഗുണനിലവാരം ഉറപ്പുവരുത്തിയതിന് ശേഷം ആണ് സംസ്കരിച്ച് വിപണനം ചെയ്യുന്നത്. ഫാറ്റ്, എസ്. എൻ. എഫ്. മുതലായ ഘടകങ്ങളും ബാക്ടീരിയോളജിക്കൽ ക്വാളിറ്റിയും വിശദമായി പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നു.

(സി, ഡി) മിൽമ ഏജന്റുമാർക്ക് കമ്മീഷനാണ് ഉള്ളത്. അവ ഇപ്രകാരമാണ്. അര ലിറ്റർ കവറിന്മേൽ 28 പൈസയാണ് ഏജൻസി കമ്മീഷനായി കൊടുക്കുന്നത്. മിൽമയുടെ ടോൺഡ് മിൽക്കിന് ഒരു ലിറ്ററിന് 52 പൈസയും സ്റ്റാൻഡേർഡൈസ്ഡ് പാലിന് ഒരു ലിറ്ററിന് 64 പൈസയും ഡബിൾ ടോൺഡ് പാലിന് ഒരു ലിറ്ററിന് 48 പൈസയുമാണ് ഏജൻസി കമ്മീഷൻ. 80 രൂപ എം. ആർ. പി.-യും 500 ഗ്രാം നെയ്യുടെ റീട്ടെയിൽ കമ്മീഷൻ 8 രൂപ 50 പൈസയും, ഹോൾസെയിൽ കമ്മീഷൻ 2 രൂപ 75 പൈസയുമാണ്. 68 രൂപ വിൽപ്പന വിലയുള്ള 500 ഗ്രാം ബട്ടറിന് റീട്ടെയിൽ കമ്മീഷൻ 7 രൂപ 55 പൈസയും ഹോൾസെയിൽ കമ്മീഷന് 2 രൂപ 65 പൈസയുമാണ്. 3.50 രൂപ വിൽപ്പന വിലയുള്ള സംഭാരത്തിന് 85 പൈസയും 1 രൂപ 50 പൈസ വിൽപ്പന വിലയുള്ള സിപ്പ്-അപ്പിന് 30 പൈസയും, 10 രൂപ വിൽപ്പന വിലയുള്ള മിൽമ പ്ലസ് ഫ്ളേവേർഡ് മിൽക്കിന് 1 രൂപ 50 പൈസയും ഏജൻസി കമ്മീഷനായി നൽകുന്നുണ്ട്. മിൽമ ഏജന്റുമാരുടെ കമ്മീഷൻ വർദ്ധിപ്പിക്കുന്നതിനെ പറ്റി തീരുമാനം ഒന്നും തന്നെ എടുത്തിട്ടില്ല.

ചോദ്യം നമ്പർ 5517, 5518, 5519 എന്നിവയുടെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly